# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5319 02.07.2013- ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ. ജി. സുധാകരൻ

(എ) ആലപ്പുഴ ജില്ലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള എത്ര വ്യവസായ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നവീകരിക്കുന്നതിലേയ്ക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം**

ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) ആലപ്പുഴ ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. Alleppey Co-operative Spinning Mills Ltd
2. Autokast Ltd.
3. Kerala State Drugs & Pharmaceuticals Ltd
4. Komalapuram Spinning & Weaving Mill (a unit of KSTC)
5. Steel Fabrication Unit ( a unit of SILK)
6. Cherthala Unit of Malabar Cements Ltd. (2009 മെയ്-ൽ പ്രവർത്തനം നിർത്തിവച്ചു)

കൂടാതെ, ജില്ലയിലെ കൊല്ലക്കടവിൽ സിഡ്കോയുടെ ഒരു വുഡ് വർക്ക്ഷോപ്പും പ്രവർത്തിച്ചു വരുന്നു.

(ബി) 2012-13 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ഓഡിറ്റിംഗ് പൂർത്തിയായിട്ടില്ല.

(സി) ആലപ്പുഴ ജില്ലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളെ നവീകരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ ഉല്പാദനശേഷിക്കാനുസൃതമായി മരുന്നുകൾക്കുള്ള കേരള മെഡിക്കൽ

സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള ഓർഡറുകളുടെ കുറവ് കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിനെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ആന്ധ്രാപ്രദേശിൽ നിന്നും കമ്പനിയ്ക്ക് ഓർഡറുകൾ ലഭിയ്ക്കാൻ തുടങ്ങിയിട്ടുണ്ട്. കമ്പനി തലത്തിൽ വിപണന വിപുലീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം ആദ്യത്തെ ആറു മാസത്തേയ്ക്കുള്ള ഓർഡറുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഇതിനകം ലഭിച്ചിട്ടുണ്ട്.

**ആട്ടോക്കാസ്റ്റ്**

റയിൽവേ സംയുക്ത സംരംഭം പ്രാവർത്തികമാക്കി മാറ്റാൻ സാധിക്കാത്ത സാഹചര്യത്തിൽ കമ്പനിയെ BIFR ന്റെ പരിധിയിൽ നിന്നും പുറത്തുകൊണ്ടു വന്ന് കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സാദ്ധ്യതകൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധി ആലപ്പുഴ സഹകരണ മില്ലിനേയും ബാധിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവാണ് കമ്പനി നഷ്ടത്തിലാവാനുള്ള പ്രധാന കാരണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

| | |
|---|---|
| (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലയിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഡി) ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2010-11 സാമ്പത്തിക വർഷത്തെ കണക്കുകൾ (audited/provisional) പ്രകാരം ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നിവ ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത്. |

**സെക്ഷൻ ഓഫീസർ**